പതിനാലാം കേരള നിയമസഭ

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 4738 — 22/03/2018 ൽ മറുപടിക്ക്

## അരൂർ മണ്ഡലത്തിലെ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.എം. ആരിഫ്** | **ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിലെ അരൂർ കെൽട്രോൺ കൺട്രോൾസ്, പള്ളിപ്പുറം ഇൻഫോ പാർക്ക്, തുറവൂർ സിൽക്ക് എന്നിവിടങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഡിഫൻസ് ഇലക്ട്രോണിക്സ് മേഖലയിൽ നിന്ന് ഓർഡറുകൾ ലഭിക്കുന്നതിനും അവ മികച്ച ഗുണനിലവാരത്തിൽ നിർമ്മിച്ച് നൽകുന്നതിനുമായി നിലവിലുള്ള ഫാക്ടറി സൗകര്യങ്ങൾ, നിർമ്മാണ-പ്രവർത്തനങ്ങൾ യന്ത്രസാമഗ്രികൾ എന്നിവ നവീകരിക്കുന്നതിനായി 2.70 കോടി രൂപയുടെ ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരൂർ യൂണിറ്റിൽ നടന്നുവരുന്നു.<br>അരൂർ നിയമസഭാ മണ്ഡലത്തിലെ ഇൻഫോപാർക്ക് ചേർത്തലയിലെ ഐ.ടി ബിൽഡിംഗ് "ചൈതന്യ"-യിൽ 2016 ജൂൺ മുതൽ ഇതു വരെ 8 പുതിയ കമ്പനികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ആകെ 25 കമ്പനികൾ പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ 300- ൽ അധികം അഭ്യസ്തവിദ്യരായ യുവതീ - യുവാക്കൾ ഇവിടെ ജോലി ചെയ്തു വരുന്നു. ആലപ്പുഴ ജില്ലയിലെ ഏക ഐ.ടി പാർക്ക് ആയ ഇവിടെ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.<br>സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് തുറവൂർ യൂണിറ്റിന്റെ ചുറ്റുമതിലുകൾ പണി കഴിപ്പിച്ചു. പുതിയ രണ്ട് മെഷീനുകൾ കൂടി വർക്ക്ഷോപ്പിൽ സ്ഥാപിച്ച് പ്രൊഡക്ഷൻ കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു, സ്ഥാപനത്തിലെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പൂർത്തീകരിച്ചു. ഓഫീസ് കെട്ടിടം പുതുക്കി പണിതു. ഓഫീസിന്റെ മുൻവശം ടൈൽ ഇട്ട് നവീകരിച്ചു. ഫർണിച്ചർ ഷോറും നിർമ്മിച്ചു. |

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഭാവിയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(ബി) അരൂരിലുള്ള കെൽട്രോൺ യൂണിറ്റിൽ ഇന്ത്യയിലെ സൗരോർജ്ജ മേഖലയിലുള്ള സാദ്ധ്യകൾ തിരിച്ചറിഞ്ഞ് "സോളാർ മോഡ്യൂൾ" നിർമ്മാണ സൗകര്യങ്ങൾ ആരംഭിക്കുന്നതിനായി 20 കോടി രൂപയുടെ പദ്ധതിയും, സ്മാർട്ട് ഗ്രിഡ് സിസ്റ്റത്തിലെ പ്രധാന ഘടകമായ "സ്മാർട്ട് മീറ്റർ" സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിനും സോഫ്റ്റ് വെയർ സഹകരണത്തിനും നിർമ്മാണ സൗകര്യങ്ങൾ ആരംഭിക്കുന്നതിനുമായി 5 കോടി രൂപയുടെ പദ്ധതിയും നടത്താൻ ഉദ്ദേശിക്കുന്നു.

ഹൈവേയിൽ നിന്ന് ഇൻഫോപാർക്കിലേക്ക് ഒരു പുതിയ റോഡ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ഇതു പൂർത്തിയാകുന്നതോടെ ഇവിടേക്കുള്ള യാത്രാ സൗകര്യം മെച്ചപ്പെടുന്നതാണ്. ഇതോടൊപ്പം താമസ സൗകര്യങ്ങൾ കൂടി മെച്ചപ്പെടുത്തിയാൽ ഈ ഐ.ടി പാർക്ക് 1500-ഓളം നേരിട്ടുള്ളജോലി സാദ്ധ്യതകൾ സൃഷ്ടിക്കും. ഇതിനുള്ള പ്രവർത്തനങ്ങൾ വരും വർഷങ്ങളിൽ നടത്തുന്നതാണ്.

സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡിൽ ഹോസ്പിറ്റൽ ഫർണിച്ചറുകളുടെ ഷോറൂംപ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ പൗഡർ കോട്ടിങ്ങ് പ്ലാന്റ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഹൈമാസ്റ്റ്, ലോമാസ്റ്റ് പോളുകൾ എന്നിവ നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ